"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ബി5/25681/2013.

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം
തീയതി: 10.02.2015.

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന മുഴുവൻ ജീവനക്കാരുടെ പ്രാൺ അംഗത്വ നടപടി പൂർത്തിയാക്കുന്നത് - സംബന്ധിച്ച്.

*********

ജി.ഒ(പി) നമ്പർ:20/2013 തീയതി:03.04.2013 സർക്കാർ ഉത്തരവ് പ്രകാരം 01.04.2013-ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ (NPS) ഉൾപ്പെട്ടവരാണ്. ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാരുടെയും PRAN ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ സർക്കാർ സർക്കുലർ നമ്പർ: 91/2014 തീയതി: 13.10.2014 പ്രകാരം കർശന നിർദ്ദേശം ട്രഷറി ഡയറക്ടർക്ക് നൽകിയിരിക്കുന്നു. ആയതിനാൽ ദേശീയ പെൻഷൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി പദ്ധതി ബാധകമായ മുഴുവൻ ജീവനക്കാരുടെയും അംഗത്വ നടപടി അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർ അവർ ജോലിയിൽ പ്രവേശിച്ച് 7 **ദിവസത്തിനകം NPS അംഗത്വം ലഭിക്കുന്നതിന് അതാത് ഡി.ഡി.ഒ മാർ നടപടി സ്വീകരിക്കേണ്ടതാണ്.** 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച് PRAN ലഭ്യമാകാത്തവരുടെ വിവരങ്ങളും PRAN സംബന്ധിച്ച സംശയങ്ങളും <u>snokerala@gmail.com</u> എന്ന e-mail address-ൽ സർക്കാരിനെ അറിയിക്കേണ്ടതാണ്. കൂടാതെ എല്ലാ മാസവും PRAN ലഭിക്കാത്തവരുടെ കാര്യത്തിൽ സ്വീകരിച്ച നടപടിയും, നിലവിലെ അവസ്ഥയും സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് താങ്കളുടെ ട്രഷറി ഓഫീസർക്ക് നൽകേണ്ടതാണ്. ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം യഥാസമയം എടുത്തില്ലായെങ്കിൽ/നടപടി സ്വീകരിച്ചില്ലായെങ്കിൽ ബന്ധപ്പെട്ട ഡി.ഡി.ഒ മാരുടെ ശമ്പളം തുടർ മാസങ്ങളിൽ തടഞ്ഞ് വയ്ക്കുന്നതിന് ഇടയാകും എന്നറിയിക്കുന്നു. താങ്കളുടെ സ്ഥാപനത്തിലെ 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവരുടെ വിവരം, PRAN ലഭിച്ചവരുടെ വിവരം, ലഭിച്ചിട്ടില്ലാത്തവരുടെ വിവരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടി, ഡി.ഡിഒയുടെ പേരും, തസ്തിക എന്നീ

വിവരങ്ങൾ 7 ദിവസത്തിനുള്ളിൽ ഡയറക്ടറേറ്റിലേയ്ക്ക് തപാൽ മുഖേന അയച്ചു തരേണ്ടതാണ്. itdbill@gmail.com എന്ന e-mail മുഖേനയും വിവരം ലഭ്യമാക്കേണ്ടതാണ്. **വീഴ്ച വരുത്താതെ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.**

PRAN സംബന്ധിച്ച എല്ലാ വിവരങ്ങളും ഉത്തരവുകളും സർക്കാരിന്റെ ഫിനാൻസ് സൈറ്റിൽ ലഭ്യമാണ്. യഥാസമയങ്ങളിൽ അവ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
**ട്രെയിനിംഗ് ഡയറക്ടർ**

ജോയിന്റ് ഡയറക്ടർ,
ആർ.ഡി.റ്റി, കണ്ണൂർ/ സ്പെഷൽ ഓഫീസർ, എസ്.റ്റി.ഐ, കഴക്കൂട്ടം/
എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും/ എല്ലാ ആർ,ഐ സെന്റർ ട്രെയിനിംഗ് ഓഫീസർമാർക്കും/പ്രിൻസിപ്പാൾ എ.വി.റ്റി.എസ്, കളമശ്ശേരി. /പ്രിൻസിപ്പാൾ ബിറ്റി.സി, കൊല്ലം.

//അംഗീകാരത്തോടെ//

അക്കൗണ്ട്സ് ഓഫീസർ

An11/2/15